കാര്യക്ഷമതയില്ലാതായിവരുമ്പോഴും ഈ കേരള സംസ്ഥാനത്തിൽനിന്നും ഒരാളെ ലണ്ടനിലേക്ക് പഠിക്കാൻ അയച്ചിരിക്കുകയാണ്. ബസ് സർവ്വീസിന്റെ കാര്യക്ഷമതയെക്കുറിച്ച് പഠിക്കാൻ. അങ്ങനെ പഠിക്കണമെന്നുണ്ടെങ്കിൽ അടുത്ത സംസ്ഥാനമായ തമിഴ് നാട്ടിലെ പാൻതാലുമുട്ടിലോ നാഗർകോവിലിലോ പോയി പഠിച്ചാൽ മതിയാകുമെന്നാണ് എന്റെ അഭിപ്രായം. ജനങ്ങളെ അസംതൃപ്തരാണ്. ഏതൊരു സാഹചര്യത്തിലും എന്തും സംഭവിക്കാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് വേണ്ട നടപടികളും സ്വീകരിക്കണം എന്ന് അപേക്ഷിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, നെയ്യാറിൻകര താലൂക്കിലും പരിസരപ്രദേശങ്ങളിലും യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എല്ലാ കാലത്തും പ്രത്യേക പരിഗണന കൊടുത്തിട്ടുണ്ട്. അവിടെ ആകെ 350 ഷെഡ്യൂളുകളുണ്ട്, നെയ്യാറിൻകര, പാറശ്ശാല, പൂവാർ, കാട്ടാക്കട, വിഴിഞ്ഞം എന്നീ ഡിപ്പോകളുമായി ബന്ധപ്പെടുത്തിയിട്ടുള്ളത് ആകെ 322 ഷെഡ്യൂളുകളാണ്. അതിൽ 112 എണ്ണം ഏതാണ്ട് ടയറുകളുടെയും സ്പെയർ പാർട്ടുകളുടെയും കുറവുകൊണ്ട് ഓടാതെ കിടക്കുന്നുണ്ട്. എത്രയും വേഗം അത് ലഭ്യമാക്കി ഷെഡ്യൂളുകൾ നടത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 3 ലക്ഷം കിലോമീറ്ററിൽ കൂടുതൽ ഓടിയിട്ടുള്ള എക്സ്പ്രസ് ബസ്സുകൾ റീപ്പെയ്സ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(4) നെടുങ്കുന്നം ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടം

ശ്രീ. കാനം രാജേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം ഗവൺമെന്റ് ഹൈസ്കൂളിലെ ഒരു കെട്ടിടം ചുഴലിക്കാറ്റുമൂലം നശിച്ചിട്ട് ഒരു വർഷമായി. ആ കെട്ടിടത്തിൽ ഉണ്ടായിരുന്ന 5 ഡിവിഷനുകൾ ഇപ്പോൾ മാറിയിരിക്കയാണ്. അതുകൊണ്ട് ആ കെട്ടിടം അടിയന്തിരമായി പുതുക്കി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇതിനുള്ള മറുപടി നാളെ പറയാം.

(5) ഗാന്ധിജി യൂണിവേഴ്സിറ്റി

ശ്രീ. കെ. സി. ജോസഫ്: സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നത്തെപ്പറ്റിയാണ് എനിക്ക് പറയുവാനുള്ളത്. ഇന്നലെ പാർലമെന്റിൽ ചോദ്യോത്തരവേളയിൽ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഗ്രാന്റ് കിട്ടുന്നതിന് അർഹതയില്ലെന്ന് കേന്ദ്രവിദ്യാഭ്യാസവകുപ്പുമന്ത്രി പ്രസ്താവിച്ചതായി വായിക്കാനിടയായി. ഈ സഭയിൽ പലതവണ ഞാൻ ഉന്നയിച്ച കാര്യമാണിത്. ഗാന്ധിജി യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ട് മൂന്നു കൊല്ലം കഴിഞ്ഞു. ഇതുവരെ അതിന് യു. ജി. സി. അംഗീകാരം ലഭിച്ചിട്ടില്ല. സ്ഥലമെടുപ്പുപോലും പൂർത്തിയായിട്ടില്ല. ഇപ്പോൾ ഒരു ഷോപ്പിംഗ് കോംപ്ലക്സിലാണ് യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത്. പ്രതിമാസം 37,000 രൂപ വാടകയിനത്തിൽ കൊടുക്കുന്നു. ഇത്രയുംകാലമായിട്ടും യു.ജി.സി. അംഗീകാരം ലഭിക്കാത്തതുമൂലം

10 A.M]

LIBRARY ARCHIVES Kerala Legislative Assembly

മുൻ വർഷങ്ങളിൽ ലഭിക്കേണ്ട കോടിക്കണക്കിന് രൂപയുടെ സഹായം യൂണിവേഴ്സിറ്റിക്കും നമ്മുടെ സംസ്ഥാനത്തിനും നഷ്ടപ്പെട്ടിരിക്കുകയാണ്. പുതിയ യൂണിവേഴ്സിറ്റി സ്ഥാപിക്കുമ്പോൾ ബിൽഡിംഗ്സ്, എക്യുപ്മെന്റ്സ്, ലൈബ്രറി, ലബോറട്ടറി ഇവയൊക്കെ ഫുൾ ഗ്രാന്റ് യു.ജി.സി. യിൽനിന്നും കിട്ടേണ്ടതാണ്. പാർലമെന്റിൽ കേന്ദ്രമന്ത്രി പറഞ്ഞിരിക്കുന്നത് നിയമം അനുശാസിക്കുന്ന വ്യവസ്ഥകളൊന്നും ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ കേരള ഗവൺമെന്റ് പാലിച്ചിട്ടില്ലെന്നാണ്. യു.ജി.സി. യിൽ നിന്നും സർവ്വകലാശാലയ്ക്ക് ഇതുവരെ വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട ഗ്രാന്റ് ഒരു പൈസപോലും ലഭിച്ചിട്ടില്ല. രണ്ടുകോടി രൂപയുടെ ആസ്തി യൂണിവേഴ്സിറ്റിക്ക് ഉണ്ടെങ്കിൽ മാത്രമേ അംഗീകാരം നൽകാൻ യു.ജി.സി. തയ്യാറാകൂ. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്? യു.ജി.സി. അംഗീകാരം ലഭിക്കാൻ ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എ. ജേക്കബ്): സർ, ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു. ജി. സി. യുടെ അംഗീകാരം കിട്ടുന്നതിനു വേണ്ടിയുള്ള ശ്രമം ആരംഭിച്ചകാലം മുതൽ തന്നെ ഗവൺമെന്റ് നടത്തി വരുകയാണ്. ചില സാങ്കേതിക കാരണങ്ങളാലാണ് യു. ജി. സി. ഇപ്പോഴും അംഗീകാരം നൽകുന്നതിനു വൈമനസ്യം കാണിക്കുന്നത്. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമം ചർച്ച ചെയ്ത സമയത്തിൽ തന്നെ ഞാൻ ഇക്കാര്യം സഭയിൽ പറഞ്ഞിരുന്നു. ഈ യൂണിവേഴ്സിറ്റി നിയമം ഭേദഗതി ചെയ്യുകയെന്നുള്ളതാണ് അതിന്റെ അടിസ്ഥാന പരമായിട്ടുള്ള ആവശ്യം. ഈ നിയമസഭ പാസാക്കിയ നിയമത്തെ സംബന്ധിച്ചിടത്തോളം അത് യു. ജി. സി. യെ അറിയിക്കുകയും കേന്ദ്രമന്ത്രിയെ ഞാൻതന്നെ നേരിട്ടു കണ്ട് ഇക്കാര്യം പറയുകയും ചെയ്തിട്ടുണ്ട്. കേരള നിയമസഭ യുഡിഎഫ് നിയമസഭയായിട്ടാണ് അന്ന് ആ നിയമം പാസാക്കിയത്. യു.ജി.സി. നിയമത്തിലെ 12 (എ) വകുപ്പനുസരിച്ചുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന ഭേദഗതികൾ വരുത്താതെ യു. ജി. സി. യുടെ ധനസഹായം നൽകുന്ന പ്രശ്നമേയില്ലെന്ന് അവർ തീർത്തു പറഞ്ഞിരിക്കുകയാണ്. ഇന്ത്യയിൽ നമ്മുടെ യൂണിവേഴ്സിറ്റിയോടൊപ്പമുണ്ടായിരിക്കുന്ന മറ്റ് യൂണിവേഴ്സിറ്റികൾക്കുള്ളൂ. ആ നിബന്ധനകൾ അംഗീകരിക്കുന്ന സാഹചര്യത്തിൽ നമ്മളു അത് അംഗീകരിച്ചേ പറ്റൂ. കഴിഞ്ഞ 18-ാം തീയതി യു.ജി.സി. ചെയർമാനുമായിട്ട് ഞാൻ വളരെനേരം ഈ കാര്യത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. യു.ജി.സി പറഞ്ഞിരിക്കുന്ന പല നിർദ്ദേശങ്ങളും നമ്മൾ അംഗീകരിച്ചിട്ടുണ്ട്. എന്നാണെങ്കിലും യു.ജി.സി. ചെയർമാനുമായി അവസാനം നടത്തിയ ചർച്ചകളിൽ ഒരു ധാരണയുണ്ടായിട്ടുണ്ട്. ആ ധാരണ കൂടി കാബിനറ്റ് കൂടി അംഗീകരിക്കേണ്ടതായിട്ടുണ്ട്. അതിനംഗീകാരം കാബിനറ്റ് കൊടുത്തുകഴിയുമ്പോൾ സാങ്കേതികമായും അതനുസരിച്ചുള്ള മാറ്റങ്ങൾ യൂണിവേഴ്സിറ്റി നിയമത്തിലുണ്ടാകും. അങ്ങനെയുണ്ടായിക്കഴിയുമ്പോൾ യു.ജി.സി. യുടെ അംഗീകാരം ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കിട്ടും. ഈ വർഷം തന്നെ, അടുത്ത ഒന്നൊന്നരമാസക്കാലത്തിനുള്ളിൽത്തന്നെ അംഗീകാരം വാങ്ങിയെടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly